NORKA ROOTS
A Government of Kerala Undertaking

Government of Kerala

# ഇന്ദ്രധനുസ്സ് 2022 ചോദ്യങ്ങൾ

1. ഇന്ത്യയിലെ പല സർവ്വകലാശാലകളിലും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം നേടിയിട്ടുള്ള ഇദ്ദേഹത്തിന്റെ സംഭാവനകളെ യുനെസ്കോ പോലുള്ള സംഘടനകളും നിരവധി യൂറോപ്യൻ രാജ്യങ്ങളിലെ പഠനങ്ങളിലും പരാമർശിച്ചിട്ടുണ്ട്. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിരുന്ന ഇദ്ദേഹമാര് ?

2. കേരള കാർഷിക സർവകലാശാലയിലെ ശ്രീകുമാർ സഹപ്രവർത്തകനുമായി ചേർന്ന് വികസിപ്പിച്ചെടുക്കുകയും രണ്ടു പേരുടെ പേരിൽ അറിയപ്പെടുകയും ചെയ്ത ഒരു സൂത്രവാക്യം ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഒരു അന്താരാഷ്ട്ര പുരസ്കാരം നേടി ശ്രദ്ധയാകർഷിച്ചു. എന്ത് കണക്കാക്കുന്ന സൂത്രവാക്യമായിരുന്നു അത്?

3. ഒരു ഇന്ത്യൻ വംശജൻ രാഷ്ട്രത്തലവനായിരുന്ന ഏത് ഏഷ്യൻ രാജ്യത്തെ ദിനപത്രമാണ് പ്രവാസി എക്സ്പ്രസ് ?

4. സമത്വസമാജമെന്ന സംഘടന സ്ഥാപിച്ച ഇദ്ദേഹം ദക്ഷിണേന്ത്യയിൽ ആദ്യമായി കണ്ണാടി പ്രതിഷ്ഠ സ്ഥാപിച്ചു. ആയിരത്തി എട്ട് ഇതളുകളുള്ള

താമരയും അഗ്നി നാളവും ചിഹ്നമായുള്ള ഒരു മതത്തിന്റെ സ്ഥാപകനായ ഇദ്ദേഹം ആര് ?

5. 1860 കളിൽ ഇദ്ദേഹം പുറപ്പെടുവിച്ച ഒരു കല്പനയാണ് പിന്നീട് പള്ളിക്കൂടം എന്ന വാക്കിന്റെ ഉൽഭവത്തിന് കാരണമായതായി പറയുന്നത്. ആരാണിദ്ദേഹം ?

6. തന്റെ തൊന്നൂറ്റി ഒന്നാം വയസിൽ തിരുവല്ലയിൽ വച്ച് അന്തരിച്ച കമലാക്ഷി അമ്മയെ മലയാളികൾ കൂടുതലറിയുന്നത് എന്ത് പേരിലാണ് ?

7. സിദ്ധപ്പൻ , ചുവാനി തുടങ്ങിയ ദൈവങ്ങളെ വാഴ്ത്തുന്ന പാട്ടുകളോടു കൂടിയ ഈ ഗോത്ര കലാരൂപത്തിന്റെ കുലപതി പി.കെ കാളനായിരുന്നു. പി.കെ കാളന്റെ മരണ ശേഷം പി.കെ. കരിയൻ മൂപ്പനും ഇതിന്റെ പ്രചാരത്തിനു ചുക്കാൻ പിടിച്ചു.ഏത് കലാരൂപം?

8. നാഗവടി കൊണ്ട് വലിച്ചു വയണം എന്ന ഉപകരണമുപയോഗിച്ചു കൊട്ടുന്ന വാദ്യോപകരണമേത് ?

9. പ്രവാസ ജീവിതത്തിന്റെ നേർക്കാഴ്ചകൾ ആവിഷ്കരിച്ച കൃതിയായ അറബിപൊന്ന് രണ്ടു സാഹിത്യകാരന്മാർ ചേർന്ന് രചിച്ച കൃതിയാണ്. ആരെല്ലാമാണ് ആ രണ്ടു പേർ?

10. പുരാതന കാലത്ത് ചക്രവർത്തിമാരുടെ എഴുന്നള്ളത്തിനും ഉപയോഗിച്ചിരുന്ന ഇത് പരമ്പരാഗതമായി നിർമ്മിക്കുന്നത് ഹിമാലയത്തിലെ ഒരു തരം ആടിന്റെ വാലിന്റെ രോമം കൊണ്ടാണ് . എന്താണിത്?

11. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ  പ്രൊഫസറായ ഒരുവ്യക്തി അഭിനയിച്ച ഈ മലയാള ചലച്ചിത്രത്തിന് മികച്ച ചിത്രം, മികച്ച സംവിധായകൻ എന്നീ സംസ്ഥാന പുരസ്കാരങ്ങളും ലഭിച്ചു. അഭയാർഥികളാക്കപ്പെടുന്ന മനുഷ്യരുടെ ആത്മവേദനകൾ സംവേദനം ചെയ്ത ഈ ചിത്രം ഏത് ?

12 . കുന്നുവിള മുരളി എന്ന ശിൽപി  നിർമ്മിച്ച ഇദ്ദേഹത്തിന്റെ ശിൽപം ഇദ്ദേഹത്തിന്റെ ശവക്കല്ലറയ്ക്കടുത്ത് സ്ഥിതി ചെയ്യുന്നു. വെള്ളപ്പാറയിൽ സ്ഥിതി ചെയ്യുന്ന ഈ സമാധി സ്ഥലം ആരുടേതാണ് ?

13. ഈ പദ്മഭൂഷൺ ജേതാവ്  തൃശൂർ ജില്ലയിലാണ് ജനിച്ചത്. കൊച്ചി മഹാരാജാവിൽ നിന്നും 'സാഹിത്യനിപുണ' ബഹുമതി നേടിയ ഈ വ്യക്തി അൽഷിമേഴ്സ് രോഗം പിടിപെട്ടതിനെ തുടർന്ന് അന്തരിച്ച ഇവർ രചിച്ച കൃതികളിലൊന്നാണ് കളിക്കൊട്ട.  ആരാണീ വ്യക്തി?

14. എറണാകുളം മഹാരാജാസ് കോളേജിലും, തിരുവനന്തപുരം ലോ കോളേജിലും പഠിച്ച മുൻ പ്രധാനമന്ത്രി ആര് ?

15 . മറയൂർ, കാന്തല്ലൂർ പ്രദേശത്തെ കണ്ണനും സഹോദരനായ നാഗനും ഏത് പ്രവർത്തന മേഖലയിലൂടെയാണ് പ്രശസ്തി നേടിയത് ?

## നിബന്ധനകൾ

- ആദ്യ ഒരു മണിക്കൂറിൽ ലഭിക്കുന്ന ഉത്തരങ്ങളാണ് പരിഗണിക്കുക.

- കൂടുതൽ ശരിയുത്തരങ്ങൾ അയക്കുന്ന നാലു പേരെയാണ് മത്സരത്തിനായി തെരഞ്ഞെടുക്കുക.

- ലോകത്തെവിടെയുമുള്ള മലയാളികൾക്കും പ്രായഭേദമന്യേ പങ്കെടുക്കാം.
- **നിങ്ങളുടെ ഉത്തരങ്ങൾ ക്രമനമ്പർ സഹിതം +91-8089768756 എന്ന വാട്സ്ആപ്പ് നമ്പറിലേയ്ക്ക് അയച്ചുതരേണ്ടതാണ്.**

- മത്സരാർത്ഥിയുടെ പേരും ഫോൺനമ്പരും കൂടി ഉത്തരങ്ങളോടൊപ്പം നൽകണം.

- ഇന്ദ്രധനുസ്സുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് +91-9961208149 എന്ന നമ്പറിൽ വിളിക്കാം.